# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2669 14.12.2015-ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിലെ കടിവെള്ളക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ. | കാസർഗോഡ് ജില്ലയിൽ കടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഏതൊക്കെ മേജർ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ; | എ & ബി | കാസർഗോഡ് ജില്ലയിലെ കടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന വൻകിട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി. | ഇപ്പോൾ അനുവദിച്ചതും മുൻപ് അനുവദിച്ച് പൂർത്തിയായികൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഇനംതിരിച്ച് വിശദമാക്കാമോ ; | | |
| സി. | അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയാതെ വർഷങ്ങളോളം നീണ്ടു പോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി & ഡി | ഉണ്ട്. പദ്ധതികൾക്കാവശ്യമായ സ്ഥലങ്ങൾ അതാത് പഞ്ചായത്ത് അധികൃതർ യഥാസമയത്ത് ലഭ്യമാക്കാത്തതും പൊതുമരാമത്ത് വകുപ്പിൽ നിന്നും പൈപ്പിടുന്നതിന് അനുമതികൾ വൈകുന്നതും പദ്ധതി ഉദ്ദേശിച്ച സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കാത്തതിന് കാരണമാകുന്നുണ്ട്. കൂടാതെ നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ മണൽ, ചല്ലി എന്നിവയുടെ ലഭ്യത അഥവാ അവയുടെ നിയന്ത്രണം, മറ്റു പ്രാദേശിക പ്രശ്നങ്ങൾ എന്നിവ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തുന്നുണ്ട്. |
| ഡി. | എങ്കിൽ ആയതിന്റെ കാരണം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നമ്പർ | പദ്ധതിയുടെ പേര് | പ്രവർത്തന പുരോഗതി |
|---|---|---|
| 1 | മുന്നാട്-ബേഡഡുക്ക കുറ്റിക്കോൽ വില്ലേജുകൾക്ക് വേണ്ടിയുള്ള കടി വെള്ള പദ്ധതി | ശുദ്ധീകരണ ശാല, പമ്പ് സെറ്റ് ഇവയൊഴികെയുള്ള എല്ലാ ഘടകങ്ങളും പൂർത്തിയായി. ശുദ്ധീകരണ ശാലയുടെ പ്രവൃത്തി 80 ശതമാനം പൂർത്തിയായി. പമ്പ് സെറ്റിന്റെ പ്രവൃത്തിയ്ക്ക് കരാർ ഒപ്പിട്ടു. 3/2016-ൽ പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| 2 | ഈസ്റ്റ് എളേരി പഞ്ചായത്ത് കുടിവെള്ള പദ്ധതി | രണ്ടാമത്തെ പാക്കേജിന്റെ പ്രവൃത്തി 30 ശതമാനം പൂർത്തികരിച്ചു. ഒന്നാമത്തേയും മൂന്നാമത്തേയും പാക്കേജുകളുടെ പ്രവൃത്തികൾ കോൺട്രാക്ടർ സമയ ബന്ധിതമായി ചെയ്തു തീർക്കാൻ അനാവശ്യമായ കാലതാമസം വരുത്തിയതിനാൽ പ്രവൃത്തി റിസ്ക് ആന്റ് കോസ്റ്റിൽ അറേഞ്ച് ചെയ്യുമെന്ന് കാണിച്ച് കോൺട്രാക്ടർക്ക് നോട്ടീസ് കൊടുത്തിട്ടുണ്ട്. 12/2016-ൽ പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരി ക്കുന്നത്. |
| 3 | ചെങ്കള മുളിയാർ, മധൂർ, മൊഗ്രാൽ, പുത്തൂർ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി- ഒന്നാംഘട്ടം | പദ്ധതിയുടെ മൂന്ന് പാക്കേജു കളുടെ പ്രവർത്തികളും പൂർത്തീകരണ ഘട്ടത്തിലാണ്. 2/2016-ൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരി ക്കുന്നത്. |
| 4 | ടി - രണ്ടാം ഘട്ടം | പദ്ധതിയുടെ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. 5/2016-ൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരി ക്കുന്നത്. |

| | | |
|---|---|---|
| 5 | ബേളൂരും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കടിവെള്ള പദ്ധതി | ശുദ്ധീകരണ ശാല, പമ്പ് സെറ്റ് ഇവയൊഴികെയുള്ള എല്ലാ ഘടകങ്ങളും പൂർത്തിയായി. ശുദ്ധീകരണ ശാലയുടെ പ്രവൃത്തികൾ 45 ശതമാനം പൂർത്തിയായി. റോ വാട്ടർ പമ്പ് സെറ്റിന്റെ പ്രവൃത്തിയ്ക്ക് കരാർ ഒപ്പിട്ടു. ക്ലിയർ വാട്ടർ പമ്പ് സെറ്റിന്റെ പ്രവൃത്തിയുടെ റീ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 3/2016-ൽ പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരി ക്കുന്നത്. |
| 6 | എൻഡോസൾഫാൻ ബാധിത പ്രദേശ ങ്ങൾക്ക് വേണ്ടിയുള്ള കള്ളാർ പഞ്ചായത്ത് കടിവെള്ള പദ്ധതി | പമ്പ് സെറ്റിന്റെ പ്രവൃത്തി ഒഴികെയുള്ള എല്ലാ പ്രവൃത്തി കളും അന്തിമ ഘട്ടത്തിലാണ്. പമ്പ് സെറ്റിന്റെ പ്രവൃത്തിയ്ക്ക് റീ-ടെണ്ടർ വിളിച്ചിട്ടുണ്ട്. 3/2016-ൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യ മിട്ടിരിക്കുന്നത്. |
| 7 | എൻഡോസൾഫാൻ ബാധിത പ്രദേശ ങ്ങൾക്ക് വേണ്ടിയുള്ള പനത്തടി പഞ്ചായത്ത് കടിവെള്ള പദ്ധതി | ഇൻ ടേക്ക് വെൽ, പമ്പ് സെറ്റ് ഇവയൊഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. ഇൻ ടേക്ക് വെല്ലിന്റെ പ്രവൃത്തി 40 ശതമാനം പൂർത്തിയായി. പമ്പ് സെറ്റിന്റെ പ്രവൃത്തിയുടെ റീ-ടെണ്ടർ വിളിച്ചിട്ടുണ്ട്. 3/2016ൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരി ക്കുന്നത്. |
| 8 | എൻ ഡോസൾഫാൻ ബാധിത പ്രദേശ ങ്ങൾക്ക് വേണ്ടിയുള്ള കയ്യൂർ-ചീമേനി പഞ്ചായത്ത് കടിവെള്ള പദ്ധതി | പമ്പ് സെറ്റ് ഒഴികെയുള്ള എല്ലാ പ്രവൃത്തികളും അന്തിമ ഘട്ടത്തിലാണ്. പമ്പ് സെറ്റിന്റെ പ്രവൃത്തിയുടെ റീ-ടെണ്ടർ വിളിച്ചി ട്ടുണ്ട്. 3/2016-ൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | |
|---|---|---|
| 9 | കാസർഗോഡ് പാക്കേജ്, മടിക്കൈ കുടിവെള്ള പദ്ധതി | പദ്ധതിയുടെ എസ്റ്റിമേറ്റ് സർക്കിൾ ഓഫീസിൽ പരിശോധിച്ച് വരുന്നു. |
| 10 | മുമ്പ് അനുവദിച്ച് പൂർത്തിയായി ക്കൊണ്ടിരിക്കുന്ന മാലോത്ത് -ബളാൽ കുടിവെള്ള പദ്ധതി | പ്രവൃത്തിയുടെ ട്രയൽ റൺ പുരോഗമിച്ചു വരുന്നു. 1/2016-ൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടി രിക്കുന്നത്. |

സെക്ഷൻ ഓഫീസർ